
# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 – 26




## എ.ജെ. ബി. സ്കൂൾ ഉമ്മത്തൂർ

## <u>അടിസ്ഥാന വിവരങ്ങൾ</u>

സ്കൂളിൻറെ പേര് : എ.ജെ.ബി.എസ് ഉമ്മത്തൂർ

മേൽവിലാസം: ഉമ്മത്തൂർ, കുമ്പിടി പി.ഒ

ഫോൺ:

സ്കൂൾ കോഡ്: 20538

വിദ്യാഭ്യാസ ഉപജില്ല : തൃത്താല

വിദ്യാഭ്യാസ ജില്ല: ഒറ്റപ്പാലം

റവന്യൂ ജില്ല: പാലക്കാട്

ബി ആർ സി : തൃത്താല

ഗ്രാമപഞ്ചായത്ത് : ആനക്കര

ഇമെയിൽ: ajbschoolummathur@gmail.com

# ആമുഖം

തൃത്താല സബ് ജില്ലയിൽ ആനക്കര പഞ്ചായത്തിൽ മൂന്നാം വാർഡിൽ 1920 ആരംഭിച്ച ഈ വിദ്യാലയം ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലായി 73 കുട്ടികളും പ്രീ പ്രൈമറി വിഭാഗത്തിൽ 15 കുട്ടികളും ഉൾക്കൊള്ളുന്നു. ഈ വിദ്യാലയത്തിൽ പരിമിതമായ ഭൗതിക സാഹചര്യങ്ങൾ ആണെങ്കിലും അക്കാദമിക മികവിൽ മുൻപന്തിയിലാണ്. 5 സ്ഥിരം അധ്യാപകരും പ്രീ പ്രൈമറിയിൽ ഒരു ടീച്ചറും ഒരു പാചക തൊഴിലാളിയും ഇവിടെ ജോലി ചെയ്യുന്നു.

2024 25 അധ്യായന വർഷത്തിൽ ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തിപരിചയമേളയിലും കലാമേളയിലും മികവ് തെളിയിക്കുവാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. എൽഎസ്എസ് നേടുവാൻ മൂന്നു വിദ്യാർഥികൾക്ക് കഴിഞ്ഞു.

## ലക്ഷ്യങ്ങൾ

- തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ എല്ലാ കുട്ടികൾക്കും തുല്യവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികളും കരിക്കുലം ലക്ഷ്യമാക്കുന്ന പഠനശേഷി കൈവരിക്കുക.
- ഭാഷാപരമായ കഴിവുകൾ വർദ്ധിപ്പിക്കുക
- ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം വളർത്തുക
- .ശാസ്ത്ര ഗണിത പ്രവർത്തനങ്ങൾ രസകരവും ലളിതവും ആകുന്ന രീതി ആവിഷ്കരിക്കുക.
- കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ നൽകുക.
- കുട്ടികളിൽ നേതൃഗുണം പരസ്പര സഹകരണം സാമൂഹ്യബോധം എന്നീ ഗുണങ്ങൾ രൂപീകരിക്കുക.

## നിലവിലെ അവസ്ഥ

120 വർഷത്തിനുമേൽ പഴക്കമുള്ള ഈ സ്കൂളിൽ അഞ്ച് ക്ലാസ് മുറികൾ ഉണ്ട്. എല്ലാ ക്ലാസിലും ലാപ്ടോപ്പും രണ്ടു ക്ലാസുകളിൽ പ്രൊജക്ടർ സൗകര്യവുമുണ്ട്. ആഴ്ചയിൽ രണ്ടുദിവസം സ്കൂൾ അസംബ്ലി നടത്തിവരുന്നു. ദിനാചരണങ്ങൾ ഓരോ ക്ലബ്ബും ഏറ്റെടുത്ത് ഭംഗിയായി നടത്തുന്നു.

## പ്രവർത്തന പദ്ധതികൾ

- ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും ആയി (പരിപോഷിപ്പിക്കുന്നതിനായി) തനത് പ്രവർത്തനമായ Growing English ഇംഗ്ലീഷ് നടത്തിവരുന്നു.
- എല്ലാ ആഴ്ചയിലും അക്കാദമിക വിലയിരുത്തനായി എസ് ആർ ജി യോഗങ്ങൾ ചേരുന്നു.
- പി.ടി.എ, എസ്.എം.സി എന്നിവയുടെ സജീവമായ പങ്കാളിത്തം.
- പൂർവ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സഹായസഹകരണങ്ങൾ ലഭ്യമാകുന്നു.
- ഐ.സി.ടി പ്രവർത്തനങ്ങൾ ഓരോ ക്ലാസിനും നൽകുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | വിജ്ഞാന കൗതുകം | പൊതുവിജ്ഞാനം നൽകാൻ ഉതകുന്ന ചോദ്യങ്ങൾ നൽകുന്നു. ഉത്തരം കണ്ടെത്താൻ അവസരം നൽകൽ | ആഴ്ചയിൽ 2 ചോദ്യം. | എസ്.ആർ. ജി. | |
| 2 | കലാകായികം.<br>പ്രവർത്തിപരിചയം. | കുട്ടികളുടെ കലാകായിക വളർച്ചക്കാവശ്യമായ പ്രവർത്തനങ്ങൾ (സൂംബ ഡാൻസ് ) നടത്തിവരുന്നു.<br>പ്രവർത്തി പരിചയ മേളയിൽ പങ്കെടുക്കുന്നതിനുമുള്ള പരിശീലനം നൽകൽ. | വർഷം മുഴുവൻ<br>വർഷം മുഴുവൻ | എസ്.ആർ. ജി.<br>എസ്.ആർ. ജി. | പി. ടി.എ<br>പി.ടി.എ |
| 3 | ഫീൽഡ് ട്രിപ്പ് | ഓരോ ക്ലാസിനും അനു യാജ്യമായ തരത്തിൽ. | | | |

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ, സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | വായിക്കാനും എഴുതാനും പിന്നോക്കമുള്ള കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി എഴുതാനും വായിക്കാനും കഴിയുന്നവരാക്കുക. (അക്ഷരദീപം ) | വായനാ കാർഡ്, അക്ഷരക്കാർഡ്, പദക്കാർഡ് എന്നിവ ഉപയോഗിച്ച് കൂടുതൽ സമയം കണ്ടെത്തി നൽകുന്നു. | വർഷം മുഴുവൻ | എസ് ആർ ജി | പി ടി എ |
| 2 | രചനാ ശേഷി വികസിപ്പിക്കൽ | സംയുക്ത ഡയറി സർഗ്ഗാത്മക ഡയറി | വർഷം മുഴുവൻ | | |
| 3 | അറിവുത്സവം | ആനുകാലികങ്ങൾ വായിച്ച് അറിവ് നേടുക, ക്വിസ് മത്സരങ്ങൾ, എൽ.എസ്.എസ് പരീക്ഷകളിൽ ഉന്നത വിജയം | വർഷം മുഴുവൻ | | |
| 4 | സർഗ്ഗവേള | സാഹിത്യകാരന്മാരൊടപ്പം | വർഷത്തിൽ 2 തവണ | | |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഉല്ലാസ ഗണിതം | ഗണിതം കളികളിലൂടെ കളികൾക്ക് പാധാന്യം നൽകുന്നു | വർഷം മുഴുവൻ | | |
| 2 | Easy Maths | മനക്കണക്കിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ. | | | |
| 3 | ഗണിത വിജയം | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനും ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിനും അവസരം ഒരുക്കൽ. | | | |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ശേഷി | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് വൊക്കാബുലറി വർദ്ധിപ്പിക്കുന്നതിനും ഭാഷ കൂടുതലായി ഉപയോഗിക്കുന്നതിനും Growing English | ഒരു വാക്കു നൽകി ബന്ധപ്പട്ട വാക്കുകൾ കെണ്ടത്തുന്നു. | ജൂലൈ - ഫെബ്രുവരി | SRG | PTA |
| 2 | ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കൽ | ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ക്ലാസ്സിൽ അധ്യാപകൻ ഇംഗ്ലീഷ് സംസാരിക്കൽ, ഇംഗ്ലീഷ് കഥാപുസ്തകം വായന. (കുട്ടികൾ പദങ്ങൾ കെണ്ടത്തുന്നു) | അസംബ്ലി ആഴ്ചയിൽ ഒന്ന്<br>വർഷം മുഴുവൻ | SRG | |
| 3 | ഇംഗ്ലീഷ് എഴുത്ത് മെച്ചെപ്പടുത്തൽ | റീഡിങ് കാർഡ് നിർമ്മാണം (രക്ഷിതാക്കെള ഉൾപ്പെടുത്തി) | വർഷത്തിൽ രണ്ട് തവണ | SRG | PTA |

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയും ചെയ്യുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക<br>• ലാംഗ്വേജ് ഗെയിംസ് | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | അധ്യാപകർ PTA |
| അക്ഷര രൂപ വ്യത്യാസം മനസിലാക്കുക | • അക്ഷര വായന<br>• ക്ലാസ് വായന<br>• ചിത്ര വായന<br>• വീട്ടുവായന<br>• അക്ഷര കാർഡുകളാ ഉപയോഗിച്ച് വിവിധ തരം കളികൾ<br>• ഇ വായന | ജൂൺ- മാർച്ച് | | |
| തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ് എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോട് കൂടി എഴുതാനുള്ള കഴിവ് വളർത്തുക ലളിതമായ പദങ്ങൾ എഴുതാനുള്ള കഴിവ് ഉണ്ടാക്കുക | ചിഹ്നങ്ങൾ ഉപയോഗിച്ച് പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക<br>അക്ഷര കാർഡ് നിർമ്മാണം | ജൂൺ മാർച്ച് | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലളിതമായ രീതിയിൽ അറബിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക | • ഇ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികാരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>• സ്കിറ്റുകളുടെ അവതരണം | ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച് | അധ്യാപകർ<br>അറബിക് ക്ലബ് | അധ്യാപകർ<br>PTA |
| സ്വതന്ത്രമായ വായനക്ക് പ്രാപ്തരാക്കൽ | ലൈബ്രറി വായന<br>ചിത്രകഥ വായന<br>വീട്ടു വായന<br>ക്ലാസ് വായന<br>വായന മത്സരങ്ങൾ<br>ഇ വായന | ജൂൺ-മാർച്ച് | | |
| വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക.<br>ചെറു വിവരങ്ങൾ തയ്യാറാക്കാനുള്ള ശേഷി വളർത്തിയെടുക്കുക. | ചിത്രങ്ങൾ കൊടുത്ത് സ്വതന്ത്രമായി വാക്യങ്ങൾ എഴുതാൻ പരിശീലിപ്പിക്കുക<br>ചുമർ പത്രിക നിർമ്മാണം<br>ചാർട്ട് എഴുത്ത്<br>കയ്യെഴുത്ത് മത്സരം | ജൂൺ-മാർച്ച് | | |

**<u>ഉപസംഹാരം</u>**

ഒരു മനുഷ്യൻറെ സർവ്വതോന്മുഖമായ വളർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്.  മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ഒരു നല്ല മനുഷ്യനായി ജീവിക്കുവാൻ വിദ്യാഭ്യാസം കൂടിയേ തീരൂ. നമ്മുടെ ഗവൺമെൻറ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതി ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ പോകുന്നതാണ്. ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഈ ലക്ഷ്യ സാക്ഷാത്കാരത്തിന് ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

